# സപ്ലൈകോ :

# രണ്ടാം വിള നെല്ല് സംഭരണം രജിസ്ട്രേഷൻ തുടങ്ങി

സപ്ലൈകോ രണ്ടാം വിള നെല്ല് സംഭരണത്തിനുള്ള രജിസ്ട്രേഷന് സപ്ലൈകോയുടെ ഓൺലൈൻ പോർട്ടൽ തുറന്നു . ഓൺലൈൻ രജിസ്ട്രേഷൻ 2021 ഫെബ്രുവരി 15 വരെയുണ്ടായിരിക്കുമെന്ന് സി എം ഡി അലി അസ്ഗർ പാഷ അറിയിച്ചു. രണ്ടാം വിള ചെയ്ത മുഴുവൻ കർഷകരും ഓൺലൈൻ രജിസ്ട്രേഷൻ നടത്തണം. ഓൺലൈൻ അപേക്ഷ സമർപ്പിച്ചു കഴിഞ്ഞാൽ അപേക്ഷ പ്രിൻറ് എടുത്ത് കൃഷി ഭവനിൽ വീണ്ടും സമർ പ്പിക്കേണ്ടതില്ല. ഉദ്യോഗസ്ഥർ ആവശ്യപ്പെടുന്ന പക്ഷം എല്ലാ രേഖകളും സമർപ്പിക്കണം. പാട്ട കർഷകർ പ്രത്യേക സത്യവാങ്മൂലം സമർപ്പിക്കേണ്ട. എന്നാൽ പാട്ടകൃഷി സംബന്ധിച്ച രേഖകൾ കൃഷിഭവനിൽ സമർപ്പിക്കണം . രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ കേന്ദ്ര സർക്കാരിന് നൽ കേണ്ടതിനാൽ നിശ്ചിത സമയപരിധിക്കുള്ളിൽ രജിസ്ട്രേഷൻ പൂർ ത്തിയാക്കണ്ടതാണ്. കേന്ദ്ര സർക്കാർ നിശ്ചയിച്ച ഗുണനിലവാരമില്ലാത്ത നെല്ല് സംഭരിക്കാൻ സപ്ലൈകോയ്ക്ക് ബാധ്യതയില്ല . കർഷകർ നിശ്ചിത നിലവാരമുള്ള നെല്ല് മാത്രം സംഭരണത്തിന് തയ്യാറാക്കണം. കൂടുതൽ വിവരങ്ങൾ അതത് ജില്ലകളിലെ നെല്ല് സംഭരണ ഉദ്യോഗസ്ഥരിൽ നിന്ന് ലഭിക്കും.

**പബ്ലിക് റിലേഷൻസ് ഓഫീസർ**